IMPACT Kerala Limited
SPV under LSG Department, Government of Kerala
CIN: U75100KL2017SGC051339

2nd Floor, State Municipal House, Vazhuthacaud
Thiruvananthapuram, Kerala – 695010
**Website**: impactkerala.lsgkerala.gov.in
**e-mail**: md.impact@kerala.gov.in
**Landline**: 0471-3502419

IMPACT/100/2023-ACCOUNTS

15.11.2023

# ക്വട്ടേഷൻ നോട്ടീസ്

ഇമ്പാക്റ്റ് കേരള ലിമിറ്റഡ് ഓഫീസ് ആവശ്യത്തിനായി 5 സീറ്റർ/7 സീറ്റർ വാഹനങ്ങൾ ദിവസ/മാസ നിരക്കിൽ ലഭ്യമാക്കുന്നതിന് വ്യക്തികൾ/ ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

- വാഹനത്തിന്റെ വാടക, ഇന്ധനച്ചെലവ്, മെയ്ന്റനൻസ് ചെലവുകൾ, ഡ്രൈവറുടെ ശമ്പളം, ബത്തകൾ, വാഹനവുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ എന്നിവ അടക്കമുള്ള നിരക്കായിരിക്കണം ക്വാട്ട് ചെയ്യേണ്ടത്.
- എല്ലാദിവസവും രാവിലെ 8 മണിമുതൽ വൈകുന്നേരം 8 മണിവരെ (അത്യാവശ്യ സന്ദർഭങ്ങളിൽ അതിനു ശേഷവും) വാഹനം ലഭ്യമാക്കേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ/ഏജൻസികൾ ഇമ്പാക്റ്റ് കേരളയുമായി 200/- രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
- പ്രതിദിനം പരമാവധി 100 കിലോമീറ്റർ നിരക്കും 100 കിലോമീറ്ററിന് മുകളിൽ അധികമായി വരുന്ന ഓരോ കിലോമീറ്ററിനുള്ള നിരക്കും, പ്രതിമാസം 1500 കിലോമീറ്റർ നിരക്കും 1500 കിലോമീറ്ററിന് മുകളിൽ അധികമായി വരുന്ന ഓരോ കിലോമീറ്ററിനുള്ള നിരക്കും ക്വാട്ട് ചെയ്യേണ്ടതാണ്. (ഈ നിരക്ക് കരാറിലേർപ്പെട്ട തിയതി മുതൽ ഒരു വർഷത്തേക്ക് ബാധകമായിരിക്കും)
- ദിവസനിരക്ക് അംഗീകരിക്കുന്ന പക്ഷം ഓടുന്ന ദിവസത്തിനനുസരിച്ച് തുക നൽകുന്നതാണ്. മാസനിരക്ക് അംഗീകരിക്കുന്ന പക്ഷം വാഹനം ഉപയോഗിക്കുന്ന ദിവസങ്ങൾക്ക് ആനുപാതികമായി തുക നൽകുന്നതാണ്.

THIRUVANANTHAPURAM * IMPACT KERALA LTD. *

- സ്ഥാപനത്തിന്റെ ആവശ്യാനുസരണം 5 സീറ്റർ/7 സീറ്റർ വാഹനങ്ങൾ നിത്യേന ലഭ്യമാക്കേണ്ടതാണ്.

ക്വട്ടേഷനുകൾ 23 .11 .2023 ന് 1 .00 PM മണിക്ക് മുൻപായി മാനേജിങ് ഡയറക്ടർ മുൻപാകെ സമർപ്പിക്കേണ്ടതാണ്. രണ്ട് തരം വാഹനങ്ങൾക്കും പ്രത്യേകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

## ക്വട്ടേഷൻ വ്യവസ്ഥകൾ

| | |
|---|---|
| വാഹന മോഡൽ | 5 സീറ്റർ വാഹനം 2018 - ന് ശേഷം രജിസ്റ്റർ ചെയ്തത്, 7 സീറ്റർ വാഹനം 2016 - ന് ശേഷം രജിസ്റ്റർ ചെയ്തത് |
| വാഹനം ലഭ്യമാക്കേണ്ട സമയക്രമം | എല്ലാദിവസവും രാവിലെ 8 മണിമുതൽ വൈകുന്നേരം 8 മണിവരെ (അത്യാവശ്യ സന്ദർഭങ്ങളിൽ അതിനു ശേഷവും) വാഹനം ലഭ്യമാക്കേണ്ടതാണ്. |
| നിശ്ചിത നിരക്ക് ക്വാട്ട് ചെയ്യേണ്ട രീതി | 5 സീറ്റർ വാഹനം / 7 സീറ്റർ വാഹനം - 100 KM (രണ്ടു വാഹനങ്ങളുടെയും പ്രതിദിന നിരക്ക് )<br>5 സീറ്റർ വാഹനം / 7 സീറ്റർ വാഹനം - 1500 KM (രണ്ടു വാഹനങ്ങളുടെയും മാസവാടക) |
| നിരതദ്രവ്യം | 500 /- (മാനേജിങ് ഡയറക്ടറുടെ പേരിൽ മാറാവുന്നത്) |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 23 .11 .2023 1 .00 മണി |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | 23.11 .2023 4 .00 മണി |

IMPACT KERALA LTD. THIRUVANANTHAPURAM

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി | • 5 സീറ്റർ/ 7 സീറ്റർ വാഹനങ്ങൾക്കുള്ള പ്രതിദിന നിരക്കും മാസവാടകയും, അധികമായി വരുന്ന ഓരോ കിലോമീറ്ററിനുമുള്ള നിരക്കും പ്രത്യേകം പ്രത്യേകം പരാമർശിച്ച് ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.<br>• ക്വട്ടേഷൻ സമർപ്പിക്കുന്നതിനൊപ്പം വാഹനത്തിന്റെ RC ബുക്ക്, ഇൻഷുറൻസ് എന്നിവയുടെ പകർപ്പ്, വാഹന ഉടമയുടെ തിരിച്ചറിയൽ കാർഡ് എന്നിവ സീൽ ചെയ്ത കവറിൽ, Managing Director, 2nd Floor, State Municipal House, Vazhuthacaud, Thiruvananthapuram - 695010 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. |

## നിബന്ധനകൾ

- കുറഞ്ഞ രണ്ടു ക്വട്ടേഷനുകളുടെ നിരതദ്രവ്യം കരാർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രം തിരികെ നൽകുന്നതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ഒറിജിനൽ ഐ ഡി കാർഡ് ഹാജരാക്കി ആധികാരികത ഉറപ്പു വരുത്തിയതിനു ശേഷം തിരികെ നൽകുന്നതാണ്.
- വാഹനം എല്ലായ്പ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതും അതിന്റെ നിലവാരവും ശുചിത്വവും കൃത്യമായി പാലിക്കേണ്ടതുമാണ്.

IMPACT KERALA LTD. THIRUVANANTHAPURAM

- കരാർ വ്യവസ്ഥകൾ ലംഘിക്കുന്നതു ശ്രദ്ധയിൽ പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതാണ്.
- ലോഗ് ബുക്ക് പരിപാലിക്കേണ്ടതും ആയതു ഓഫീസിൽ പരിശോധനയ്ക്കു വിധേയമാകേണ്ടതുമാണ് .

എസ്.സുബ്രഹ്മണ്യൻ ഐ.ഐ.എസ്

മാനേജിങ് ഡയറക്ടർ

ഇംപാക്ട് കേരള ലിമിറ്റഡ്

1. നോട്ടീസ് ബോർഡ് - സ്വരാജ് ഭവൻ
2. നഗരകാര്യ വകുപ്പ് വെബ്സൈറ്റ്
3. ഇംപാക്ട് കേരള ലിമിറ്റഡ് വെബ്സൈറ്റ്

IMPACT KERALA LTD. * THIRUVANANTHAPURAM *